# തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ്  എഞ്ചിനീയർ ആഫീസ്,
ആലുവ.

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ നോർത്ത് പറവൂർ ഗ്രൂപ്പിൽപ്പെട്ട **തൃശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ പുത്തൻചിറ വില്ലേജിൽ സ്ഥിതി ചെയ്യുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള പാറമേൽതൃക്കോവിൽ ദേവസ്വത്തിൽ സ്ഥിതി ചെയ്യുന്ന പഴയ ആഫീസ് മന്ദിരം നിലവിലുള്ള  അവസ്ഥയിൽ തറ നിരപ്പിൽ പൊളിച്ചു മാറ്റുന്നതിന് 01.11.2022 -)ം തീയതി ചൊവ്വാഴ്ച്ച പകൽ 11.30  മണിക്ക് മേൽപ്പടി ദേവസ്വത്തിൽ വച്ച്  പരസ്യമായി ലേലം ചെയ്യുന്നു** ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം 11.30 മണിക്ക് മുൻപ് , GST  രജിസ്‌ട്രേഷൻ സർട്ടിഫിക്കറ്റ് ,ആധാർ കാർഡ്',പാൻ കാർഡ്  എന്നിവയുമായി പ്രസ്തുത  ദേവസ്വത്തിൽ **2750** രൂപ നിരതദ്രവ്യം കെട്ടിവച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

മുദ്രവച്ച  ക്വട്ടേഷനുകൾ സമർപ്പിക്കാനാഗ്രഹിക്കുന്നവർ **31.10.2022 വൈകുന്നേരം 4 മണിക്ക് മുൻപ് ആലുവ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ** ലഭിക്കത്തവിധത്തിൽ സ്പീഡ് പോസ്റ്റിലോ രജിസ്ട്രേഡ് പോസ്റ്റിലോ തിരുവിതാംകൂർ ദേവസ്വം  ബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള **2750 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്** (നിരതദ്രവ്യം),GST  സർട്ടിഫിക്കറ്റ് ,ആധാർ കാർഡിന്റെ പകർപ്പ് ഉൾപ്പെടെ അയക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്തു " **പാറമേൽതൃക്കോവിൽ ദേവസ്വം പഴയ ഓഫീസ് മന്ദിരം പൊളിച്ചു മാറ്റുവാനുള്ള ക്വട്ടേഷൻ**" എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ **ലേല ദിവസം 11.30 നു ലേല സ്ഥലത്തു ഹാജരാകേണ്ടതും** ,പരസ്യ ലേലത്തിനുശേഷം  ടി ക്വട്ടേഷനുകൾ വ്യക്തികളുടെ  സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.

**കൂടുതൽ തുകയ്ക്ക് ലേലം/ക്വട്ടേഷൻ വിളിക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേല തുകയുടെ പകുതിയും 18 % GST  യും ഉടനടി കെട്ടിവക്കേണ്ടതാണ്**. ലേലത്തിൽ പങ്കെടുത്ത ബാക്കിയാളുകളുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ നൽകുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിൻറെ  പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ഡിപ്പാർട്ട്മെന്റിൽ നിന്നും അന്തിമ അനുവാദം ലേലം കൊണ്ട  വ്യക്തിക്ക് ലഭിച്ചു  5 ദിവസത്തിനുള്ളിൽ ബാക്കി അടക്കാനുള്ള ത്തുകയോടൊപ്പം 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ്  വച്ച്  **10** ദിവസത്തിനകം ടി കെട്ടിടങ്ങൾ സ്വന്തം ചിലവിൽ പൂർണമായി ,അവശിഷ്ടങ്ങളുൾപ്പെടെ  തറ നിരപ്പിൽ പൊളിച്ചു കൊണ്ടുപോകേണ്ടതാണ് .യാതൊരു കാരണവശാലും മണ്ണ് കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആലുവ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്ന്പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്തു  അറിയാവുന്നതാണ്. തിരുവിതാംകൂർദേവസ്വം ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾ  ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ്

ഉത്തരവാദിയായിരിക്കുന്നതല്ല .നിശ്ചിതസമയത്തിനുള്ളിൽ ലേലം കൊണ്ട കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയില്ലെങ്കിൽ ലേലത്തുക മുഴുവനായും ഡിപ്പാർട്മെൻറിലേക്കു മുതൽക്കൂടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും .ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണമായ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും

വിശ്വസ്തതയോടെ

ആലുവ
18.10.22

sd/-

അസിസ്റ്റൻറ് എഞ്ചിനീയർ
ആലുവ

ഫോൺ നമ്പർ :അസി : എഞ്ചിനീയർ- 9946111670